ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
2022-2023

# നിലാവെട്ടം
## Moon Light





Digital Magazine

ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
ചാലിശ്ശേരി

# താളുകളിലൂടെ.......


3 അമ്മയുടെ സ്നേഹം

4 അവകാശികൾ

5 ഇരുട്ട്

6 കാത്തിരിപ്പ്

7 നിശബ്ദത

8 Dear corona

9 മനസ്സിന്റെ ഉടവാൾ

11 യാത്ര അനുഭവം

12 സൃഷ്ടാവ്

13 സൗഹൃദം

# അമ്മയുടെ സ്നേഹം



അമ്മ പറഞ്ഞ വഴിയിൽ

നാമൊരു യാത്ര നടത്തീടാം.

ആ വഴിയിൽ സ്വർണ മഴ -

ത്തുള്ളികൾ പെയ്തീടും

ആ വഴിയിൽ തുമ്പ -

പൂക്കൾ വിരിഞ്ഞീടും .

ആ വഴിയാ സ്വർഗ്ഗ-

പടവുകളാൽ നിർമിതമാം .

ആ വഴിയൽ അമ്മ-

പാതമതാ

അമ്മ സ്നേഹ പുഞ്ചിരിയാൽ

ആ വഴി പൂക്കൾ -

കൊണ്ട് നിറഞ്ഞീടും .

അമ്മ പാതം അത്

സ്വർഗ്ഗമാണെ ........

അത് അമ്മ സ്നേഹം

കൊണ്ട് നിറഞ്ഞീടും.

**മുഹമ്മദ് സിനാൻ. കെ. എൻ 9 D**

# അവകാശികൾ

വസന്തം വന്നണഞ്ഞിട്ടും
പൂക്കാൻ മറന്ന ചില്ലയോരങ്ങളിൽ
കിരാത മൗനവും പേറി
ജാലവിദ്യക്കാരൻ
നാവിൻ പശ നുണഞ്ഞിരിക്കുന്നു
തുമ്പിൽ
മൊട്ടിട്ട ഹിമകണം
അടരുവാനാദിത്ത്യ കിരണം കൊതിക്കുന്നു
കൊഴിഞ്ഞ ദളവും
അടർന്ന കനിയും
നോവിന്റെ വീഥിയിൽ
ശലഭങ്ങളാകവെ....
ആത്മാർപ്പണത്തിൻ
രാഗഭാവങ്ങളിൽ
മിഴിചിമ്മിത്തെളിയും
കാഴ്ച്ചകൾ മാത്രം
എന്റെ
പ്രണയത്തിനവകാശികൾ

വേണിക കെ. എസ് 8F

# ഇരുട്ട്

ഇരുട്ട് നിറഞ്ഞ എന്റെ ജീവിതത്തിൽ
ആരും വെളിച്ചം തരാതെ പോകുന്നു
വെളിച്ചമില്ലാത്ത എന്റെ ജീവിതത്തിൽ -
ആരുമില്ലെന്ന് എനിക്ക് തോന്നുന്നു.
ആരുമില്ലാ എന്റെ ചിന്തയിലൂടെ-
ഇരുട്ട് കടന്നു പോകുന്നു.
പെട്ടെന്ന് അത് സംഭവിക്കുന്നു....!!
എന്റെ തോന്നൽ ഒക്കെ മാറുന്നു.
എന്റെ ജീവിതത്തിൽ ആരോ-
ഒരാൾ കടന്നുവരുന്നു.
അയാൾ എന്റെ ജീവിതം
വെളിച്ചമുള്ളതാക്കി തരുന്നു.
അങ്ങനെ,അങ്ങനെ,
കുറെ നാളുകൾ കടന്നു പോകുന്നു-
ആ ഒരാൾ ....!
ഞാൻ ഏറെ സ്നേഹിച്ചയാൾ-
എന്റെ ജീവിതത്തിൽ
വെളിച്ചമാക്കിയാൽ
എന്റെ ജീവിതം പിന്നെയും
ഇരുട്ടിലേക്ക് തള്ളി പോകുന്നു.



പറഞ്ഞു വന്നിരുന്നയാൾ
എന്റെ സന്തോഷവും ദുഃഖവും
എന്റെ ജീവിതത്തിലേക്ക്
വെളിച്ചമാക്കിയാൾ.
അവസാനം, അയാൾ തന്നെ-
എന്റെ ജീവിതം
ഇരുട്ടിലേക്ക് തള്ളിനീക്കുന്നു.....
അവിടെ ഞാൻ
ആരുമില്ലാതെയാനുന്നര .....
ആർക്കും എന്നെ വേണ്ടാതെ വരുന്നു.
എന്നെ ഇതുവരെ സ്നേഹിച്ച
എന്റെ പെറ്റമ്മക്ക് പോലും
എന്നോട് വെറുപ്പ് തോന്നുന്നു.
അവിടെ ഞാൻ ആർക്കും
ശല്യം ആവാതെ ഇറങ്ങുന്നു....
എനിക്ക് തോന്നുന്നു ....?
എന്തുകൊണ്ട് ഞാൻ അങ്ങനെ
ചെയ്തു....?
എന്റെ ജീവിതം ഞാൻ തന്നെ -
പിന്നെയും ഇരുട്ടിലേക്ക് തള്ളി
കയറ്റുന്നു....

ശ്രേയ T.S
9 G

# കാത്തിരിപ്പ്


എൻ ജാലകവാതിലിൻ ചാരെ
എന്നും ഉദിച്ചുവന്ന് ശോഭയാൽ
തിളങ്ങി നിന്നെന്നെ സന്തോഷിപ്പിക്കും
രക്നത്തിൽ തിളക്കവുള്ളമ്പളിയമ്മാവാ
എന്തെ നി ഇന്നെന്റെ വീടിന്റെ
വാതിലിൻ ചാരെ വരാതിരുന്നേ....
നീ എന്നെമറന്നോ അതോ
എന്നോടെന്തെ പിണക്കമാണോ
നിന്നേയും കാത്ത് നീ വരും
നേരവും നോക്കി ഞാനി
വാതിലിൻ ചാരെയിരിപ്പാണേ
ഇന്നത്തെ കാര്യങ്ങൾ നിന്നെയറിയിച്ച്
എൻ പരിഭവകെടുകൾ നിൻ
മുമ്പിൽ സമർപ്പിക്കാൻ തയ്യാറായി
ഞാനി വീടിന്നകത്തളത്തിൽ ഇരിപ്പാണേ
നീ വരും എന്ന പ്രിതീക്ഷയിൽ
എൻ കുഞ്ഞു നേത്രങ്ങൾ ഇരുട്ടിൻ
മയമുള്ള ആകാശത്തിലേക്കും നട്ട്
നിൻ വരവിനായ് ഞാൻ കാത്തിരിക്കും...



# നിശബ്ദത

മഴയുടെ ആലിംഗനം ചെടികളിൽ നിന്ന്
അകലുമ്പോൾ
മുഖം താഴ്ത്തിനിൽക്കുന്ന പൂക്കളിൽ കാണം
നിശബ്ദത.......
മറവിൽ മൂകതയോടെ പ്രകൃതിയെ നോക്കി നിൽക്കുന്ന
സൂര്യനും നിശബ്ദത
അണ്ണാറക്കണ്ണന്മാർ ദൂരയെങ്ങോ
മറയുന്നു ..
എല്ലായിടവും നിശബ്ദതയുടെ മൂളൽ
മാത്രം

മാളവിക എം. ആർ
8 G



# Dear Corona

Ho corona,  Ho corona
Go corona,  Go corona
We want to go to the school
Your are the reason to close the school
You teach me to wear mask
You teach the social distance formall
The earth want to fly like free bird
please remove earth from your hands
Don’t kill people from the earth
Ho Corona, Ho Corona
Go corona, Go corona

ADARSH  PRAKASH
8 F

# മനസ്സിന്റെ ഉടവാൾ

ഇരുളിന്റെ ജാലകം എന്തേ ഇനിയും തുറന്നില്ല മനസ്സിന്റെ കോണിൽ മിഴികളുടെ ഇരുട്ടിന്റെ നാദം എൻ ചെവികളിൽ ആഞ്ഞടിക്കുന്നുപുലരി ദീപം എൻ മിഴികളിൽ എന്തേ ഇനിയും തെളിച്ചില്ല ആരോ ചൊല്ലിത്തരുന്ന ഭൂമി ചിത്രം മാത്രം എൻ മനസ്സിൽ ഇരുളിന്റെ കുമ്പിളിൻ ലോകത്തിന്റെ കയപ്പുരുചി എൻ മിഴികളിൽ പരക്കുന്നു

ആനന്ദശ്രുതി ഈണമിടുന്ന ചിത്രമാവുമ്പോൾ എൻമിഴികൾക്കു അത് കാണാൻ സാധ്യമല്ല ഇരുട്ടിന്റെ കോണിൽ നിന്ന് എന്തേ ഇനിയും ഞാൻ മോചിതനാവുന്നില്ല

നിറപകിട്ടാർന്ന ലോകത്തിൽ സ്നേഹ രുചി എന്തേ എൻ മിഴികളിൽ ഇനിയും തലോടിയില്ല എന്തെന്നാലും എൻ മനം ഉൾക്കണ്ണായി മാറിക്കഴിഞ്ഞു ഈ ലോകത്തിൻ കാഴ്ചകൾ എൻ മനം കാട്ടുന്നു ആർക്കുമേ അറിയാത്ത എൻ ഇരുളിൽ ലോകം പ്രകാശത്തിന്റെ ലോകമായ് എൻ മനം മാറ്റുന്നു എൻ മിഴികളിലെ ഇരുട്ടിന്റെ മുത്യുവിന് ഉടവാളെന്നപ്പോലെ എൻ മനം മാറിക്കഴിഞ്ഞു ആർക്കുമേ തടുക്കാൻ പറ്റാത്ത മനസ്സിന്റെ ഉടവാൾ അച്ഛനെ പാതി ജീവനായി കൊണ്ടു വരുന്നതും ഒപ്പം.


കണ്ടവൾ ആകെ വിഷമിപ്പൂ തന്റെ സഹോദരിയേയും അച്ഛനെയും അവൾ കൺചിമ്മാതെ ഭ്രാന്തമായ ഒരു മുഖഭാവത്തിൽ നോക്കി നിന്നു. തന്റെ അച്ഛന് ഇനി പണ്ടത്തെ പോലെ ജീവിതത്തിലേക്ക് പൂർണമായി തിരിച്ച് വരുകയില്ലെന്നും തന്റെ സഹോദരിയെ ഇനി ഒരു നോക്കു കാണുവാൻ പറ്റുകയില്ലെന്നും അവൾക്ക്മനസ്സിലായപ്പോൾ അവൾ ആകെ ഭ്രാന്തമായ ഒരു അവസ്ഥയിൽ ആയി.

അങ്ങനെ രണ്ടു ദിവസം പിന്നിട്ടപ്പോൾ തന്റെ ഒരു ബന്ധത്തിലുള്ള ഒരു യുവതി വന്ന് അവളുടെ അച്ഛനെയും കൂട്ടിക്കൊണ്ടു പോയി. അതോടൊപ്പം വയ്യാത്ത കുട്ടികളെ പരിപാലിക്കുന്ന ഒരു സ്ഥാപനത്തിൽ നിന്നും രണ്ടുപേർ വന്ന് നീനുവിനെ കൂട്ടിക്കൊണ്ടു പോവാൻ ശ്രമിച്ചു അവൾ പൂവാൻ വഴങ്ങിയില്ലെങ്കിൽ അവൾക്ക് അവസാനം പോകേണ്ടി വന്നു തന്റെ മക്കളുടെ വേർപിരിവ് അവളുടെ അച്ഛന് മനസ്സിലാക്കാൻ സാധിച്ചു. എന്തെന്നാലും നോക്കെത്താദ്ദൂരത്ത് തന്റെ മകൾ പോയിമറഞ്ഞിരിക്കുന്നു എന്ന ഉൾബോധം അച്ഛന് ഉണ്ടായെങ്കിലും ചലനമറ്റു കിടക്കുന്ന അച്ഛന് ഒന്നും ചെയ്യാൻ സാധിച്ചില്ല. എല്ലാവരും സ്നഹനിലയം വിട്ട് വേർപ്പിരിഞ്ഞ് പോയി. ഇപ്പോൾ അവിടം നിശബ്ദമാണ്. സ്നഹനിലയത്തിലെത്തിയ അവരുടെ കളിചിരികൾക്കൊരു തിരിച്ചുവരവില്ല. അവിടം സ്തംബിച്ചിരിക്കുന്നു.

**മാളവിക എം ആർ**
**VIII G**




# യാത്ര അനുഭവം



2017 ജനുവരി ഞാനും എന്റെ  മുഴുവൻ കുടുംബവും ഒരുയാത്ര പോയി. നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച ഹിൽ സ്റ്റേഷനുകളിൽ ഒന്നായ ഊട്ടിയിലേക്കായിരുന്നു യാത്ര ഞങ്ങൾ ഒരാഴ്ച്ച മുമ്പ് റിസോർട്ട് ബുക്ക് ചെയ്യുകയും ചെയ്തു.  എന്റെ കുഞ്ഞിപ്പാന്റെ കാറിലായിരുന്നു യാത്ര ശനിയാഴ്ച്ച പുലർച്ച 6:00 മണിക്ക് പുറപ്പെട്ടു.12:30 മണിയോടെ റിസോർ ട്ടിലെത്തി.

ഒന്ന് ഫ്രഷ് ആയി ഭക്ഷണം കഴിച്ചു ഒരു മണിയോടുക്കൂടി ഞങ്ങൾ ഊട്ടിയിലെത്തി കാഴ്ച്ചകൾ കാണാൻ ഇറങ്ങി. ഊട്ടിയിലേക്കുള്ള ഞങ്ങളുടെ യാത്ര ഞങ്ങൾക്ക് സുഖകരവും മനോഹരവും ആയ അനുഭവങ്ങൾ നൽകി. അവിടെ ഞങ്ങൾ രണ്ട് ദിവസം അടിച്ചുപൊളിച്ചു. അതു കഴിഞ്ഞ് ഞങ്ങൾ അതിരപ്പിള്ളി വെള്ളച്ചാട്ടം കാണാൻ പോയി. വൈകുന്നേരത്തോടുക്കൂടി അവിടെ എത്തി അവിടത്തെ കാഴ്ച്ചകൾ കണ്ടു. ഞങ്ങൾ എല്ലാവരും രാത്രിയോടുക്കൂടി പുതിയ റിസോർട്ടിലെത്തി. അവിടെ ഒരു ദിവസം താമസിച്ചു. അതിനു ശേഷം ഞങ്ങൾ എല്ലാവരും കൂടി രാവിലെ വെള്ളിയാങ്കല്ല് പാർക്കിലേക്ക് പോയി. അവിടത്തെ കാഴ്ച്ചകൾ ഒക്കെ കണ്ടു. കളിച്ചു ഐസ്ക്രീം കഴിച്ചു.രാത്രീയോടുകൂടി വീട്ടിലെത്തി.

മുഹമ്മദ് അജ്മൽ.എൻ.എ
9-D




ഒരായിരം മനസ്സുകൾ
ഒരായിരം ആഗ്രഹങ്ങൾ
ഒരായിരം വിധികൾ
ദൈവത്തിൻ വിധിയിൽ കഴിഞ്ഞീടും
മനുഷ്യർ
സമ്പന്നരെ സമ്പന്നത കൊണ്ട്
പരീക്ഷിച്ചീടും
ദൈവത്തിന് കളികൾ....
ദൈവത്തിന് സ്നേഹിതരെ
പരീക്ഷിച്ചീടും
കണ്ണീരാൽ.....
അനശ്വരമായ മനസ്സുകൾക്ക്
കരുത്തുറ്റ
ധൈര്യം പകർന്നീടും ദൈവം.
പ്രാർത്ഥനകളിലും യാചനകളിലും
മുഴുകുന്നവർക്ക്
ഉത്തരം ലഭിച്ചീടുമൊരുന്നാൾ.
ഈ ഏക ജീവിതത്തിൽ പൊരുതീടാം
നമ്മുക്ക്
സന്മാർഗത്തിൻ ഏക വഴികൾ
തേടി.....
സന്മാർഗത്തിൻ ഏക വഴികൾ
തേടി.....

സന ഫാത്തിമ പി
10 I

# സൗഹൃദം

സൗഹൃദ നാമ്പുകൾ  മനസ്സിൽ

തളിരിടുന്നു

ഒത്തിരി ഒത്തിരി ചിരിനാദങ്ങൾ

സൗഹൃദത്തിൽ നിന്ന് മുഴങ്ങുന്നു

കൊച്ചു പിണക്കങ്ങൾ പെട്ടെന്നുള്ള

ഒരു ചാറ്റൽ മഴ പോലെ

പെയ്തൊഴിയുന്നു.

കൊച്ചു തുണയായി വലിയതാങ്ങായി

സഹൃദങ്ങൾ മാറുന്നു.

മാളവിക എം എസ്
8 G

# നന്ദി...